## പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4823** | **19.05.2017-ൽ മറുപടിക്ക്**

### ഇതര സംസ്ഥാന തൊഴിലാളികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) ഇതര സംസ്ഥാന തൊഴിലാളികളുടെ ആധികാരിക രേഖകൾ പരിശോധിച്ച് തൊഴിൽ വകുപ്പ് വിവര ശേഖരണം നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുവേണ്ട നടപടി സ്വീകരിക്കുമോ; | (എ) ഇല്ല. വിവരശേഖരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) ഇവരിൽ ക്രിമിനലുകൾ, പകർച്ചരോഗബാധിതർ തുടങ്ങിയവർ ഉള്ളതായി തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരെ കണ്ടെത്താൻ മറ്റു വകുപ്പുകളുടെ സഹായം തൊഴിൽ വകുപ്പ് സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) ഉണ്ട്. ഇവർക്കിടയിൽ പകർച്ച രോഗബാധിതർ ഉള്ളതായി ആരോഗ്യ വകുപ്പ് മുഖേന നടത്തിയ പരിശോധനയിലൂടെയും മെഡിക്കൽ ക്യാമ്പുകൾ നടത്തിയതിലൂടെയും കണ്ടെത്തിയിട്ടുണ്ട്. നിലവിൽ ഇതരസംസ്ഥാന തൊഴിലാളികളുടെ ആരോഗ്യവും ശുചിത്വവും സംബന്ധിച്ച കാര്യങ്ങൾ പരിശോധിക്കുന്നതിനും ആയതുമായി ബന്ധപ്പെട്ടുവരുന്ന കാര്യങ്ങൾ നടപ്പിലാക്കുന്നതിനുമായി, ഡെപ്യൂട്ടി ഡയറക്ടർ(തദ്ദേശസ്വയംഭരണ വകുപ്പ്), ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ ലേബർ ഓഫീസർ(കൺവീനർ), ഫാക്ടറീസ് & ബോയിലേഴ്സ് ഇൻസ്പെക്ടർ എന്നിവർ അംഗങ്ങളായി ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനം നടന്നു വരുന്നു. |
| (സി) ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങൾ വൃത്തിഹീനമായ സാഹചര്യങ്ങളിലാണ് എന്നത് പകർച്ചവ്യാധി പെരുകുന്നതിനും, പൂർണമായും നിർമ്മാർജ്ജനം ചെയ്ത പല രോഗങ്ങളും തിരികെ വരുന്നതിനും കാരണമാകുന്നു എന്നതിനാൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (സി) ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളുടെ പരിശോധനയിൽ ചിലയിടങ്ങളിൽ ടി തൊഴിലാളികൾക്ക് പ്രാഥമിക കൃത്യനിർവ്വണത്തിനുള്ള സാഹചര്യങ്ങൾ നന്നേ കുറവായ പരിമിതമായ താമസസൗകര്യങ്ങളിലാണ് ജീവിക്കുന്നതെന്നും ഈ വൃത്തിഹീനമായ സാഹചര്യത്തിൽ കഴിയുന്നതിലാണ് ഇവർക്ക് പല പകർച്ചവ്യാധികളും പടരുന്നതെന്നും |

വ്യക്തമാക്കുമോ;

ടാസ്ക്ഫോഴ്സിന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതര സംസ്ഥാന തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ലേബർ ക്യാമ്പുകളിലെ ജീവിത/ശുചിത്വ നിലവാരം പരിതാപകരമാണെന്ന് ബോദ്ധ്യപ്പെട്ടതിനെ തുടർന്ന് ഇക്കാര്യത്തിൽ സ്വീകരിക്കേണ്ട 9 നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഒരു സർക്കാർ ഉത്തരവ് 960/2016/തൊഴിൽ തീയതി 03.08.2016-ൽ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കേരളത്തിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നതിൽ കൂടുതലും കുടിയേറ്റ തൊഴിലാളികളാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കഴിഞ്ഞ 5 വർഷത്തിനുള്ളിൽ അവർ ഉൾപ്പെട്ട കുറ്റകൃത്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ നൽകുമോ;

(ഡി) ഇതര സംസ്ഥാന തൊഴിലാളികൾ ഉൾപ്പെട്ടതായ കുറ്റകൃത്യങ്ങൾ സംബന്ധിച്ച് വിവരം തൊഴിൽ വകുപ്പിൽ ലഭ്യമല്ല.

(ഇ) 25 ലക്ഷത്തിലേറെയുള്ള അന്യസംസ്ഥാന തൊഴിലാളികളിൽ കൊടുംകുറ്റവാളികളും മോഷണ വിദഗ്ധരും ഉള്ള സാഹചര്യത്തിൽ സംസ്ഥാനത്തെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് രജിസ്ട്രേഷൻ നിർബന്ധമാക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആധാർ അടിസ്ഥാനമാക്കി രജിസ്ട്രേഷൻ നിർബന്ധമാക്കുമോ?

(ഇ) ഇതര സംസ്ഥാന തൊഴിലാളികളുടെ വിവരശേഖരണവും രജിസ്ട്രേഷനും തിരിച്ചറിയൽ കാർഡും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ടുകൊണ്ട് 'ആവാസ്' പദ്ധതിക്ക് സർക്കാർ രൂപം കൊടുത്തിട്ടുണ്ട്. ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലെത്തി വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന 18 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള തൊഴിലാളികളാണ് 'ആവാസ്' പദ്ധതിയുടെ പരിധിയിൽ വരുന്നത്. ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതോടൊപ്പം ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം തുടങ്ങി മറ്റ് വകുപ്പുകൾക്ക് ആവശ്യമായ വിവരങ്ങൾ പ്രാപ്യമാക്കുവാൻ കഴിയും വിധത്തിലുള്ള വിവിധോദ്ദേശ്യ ഏകീകൃത ഇൻഷ്വറൻസ് ലിങ്ക്ഡ് തിരിച്ചറിയൽ കാർഡ് നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്.

സെക്ഷൻ ഓഫീസർ.